ചീഫ് എഞ്ചിനീയർ (സിവിൽ) - 3, സൂപ്രണ്ടിംഗ് എഞ്ചിനീയർ (സിവിൽ) - 7, എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 21, എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ) - 1, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 81, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ) - 15, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 117, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 8, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - 158, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - 1, രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - 166, രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - 2, മൂന്നാംതരം ഓവർസിയർ (സിവിൽ) - 45, മൂന്നാം തരം ഓവർസിയർ (മെക്കാനിക്കൽ) - 2.

(ബി) പ്രസ്തുത കാലയളവിൽ ഇപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ എത്രയെണ്ണം വീതമാണ് നേരിട്ട് നിയമനം ലഭിക്കുന്ന ഓരോ എൻട്രി കേഡർ തസ്തികയിലേയ്ക്കും ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 85, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 8, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - 1, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - ഇല്ല, മൂന്നാംതരം ഓവർസിയർ (സിവിൽ) - 45, മൂന്നാംതരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - 2, രണ്ടാം തരം ഓവർസിയർ (സിവിൽ/മെക്കാനിക്കൽ) തസ്തികകളിൽ ടി കാലയളവിൽ ഉണ്ടാകുന്ന ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തേണ്ടവയാണ്.

(സി) 2021 ജനവരി മുതൽ നാളിതുവരെ ഏതൊക്കെ തീയതികളിൽ ഓവർസിയർ ഗ്രേഡ്- III തസ്തികയിൽ എത്ര വീതം ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021 ജനവരി മുതൽ 26-3-2021 വരെയുള്ള ഓവർസിയർ ഗ്രേഡ് III തസ്തികയിലെ 85 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ

201(507) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണാനുമതി നല്കിയ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കേണ്ടതായിട്ടുണ്ടെന്നും ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

(എ&ബി) വർക്കല മണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതികളുടെ വിവരങ്ങളും ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളും ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഇരിക്കൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേനയുള്ള പദ്ധതികൾ

202(508) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ആരംഭിക്കാനുള്ളത്, പൂർത്തീകരിക്കാനുള്ളത്, പൂർത്തീകരിച്ചത്, പദ്ധതി തുക എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ജലസേചന വകുപ്പിനു കീഴിൽ മേജർ, മൈനർ ഇറിഗേഷൻ ഡിവിഷനുകൾ മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളിൽ ആരംഭിക്കാനുള്ളത്, പൂർത്തീകരിക്കാനുള്ളത്, പൂർത്തീകരിച്ചത്, പദ്ധതി തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ്

203(509) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവും വരൾച്ചയും ഒരുപോലെ പ്രതിസന്ധി സൃഷ്ടിക്കുന്ന പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ് ഇല്ലാത്തത് വളരെയേറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly